കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,
തിരുവനന്തപുരം.

ഹാജർ : ജസ്റ്റിസ് ശ്രീ അലക്സാണ്ടർ തോമസ്,
ബഹു. ചെയർപേഴ്സൺ.

**എച്ച്.ആർ.എം.പി.നമ്പർ : 6068/11/12/2023/റ്റി.വി.എം.**

ഹർജിക്കാരി : ഷൈനി എസ്, വരിപ്പാറ വിളാകത്ത് വീട്, കരിയംകോട്, കട്ടക്കോട് പി ഓ, തിരുവനന്തപുരം

എതിർകക്ഷി :

**ഉത്തരവ് തിയതി : 05-05-2025**

പരിസര വീടുകളിൽ പന്നിഫാം നടത്തുന്നതിനെതിരെ ഹർജിക്കാരി വിവിധ സ്ഥലങ്ങളിൽ പരാതി കൊടുത്തെന്നും Revenue Divisional Officer സ്ഥലം സന്ദർശിച്ച് ഫാമുകൾ പൂട്ടാൻ നിർദേശിച്ചതിന്റെ വൈരാഗ്യത്തിൽ ഫാം ഉടമകൾ ഹർജിക്കാരിയെയും മക്കളെയും ഭർത്താവിനെയും കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുന്നുവെന്നും രണ്ടു മക്കൾക്കുമെതിരെ കോടതിയിൽ സിഎംപി ഫയൽ ചെയ്യുവെന്നും ഹർജിക്കാരിയെയും കുടുംബാംഗങ്ങളെയും സമാധാനമായി ജീവിക്കാൻ സമ്മതിക്കുന്നില്ലെന്നും മറ്റുമാണ് അലവലാതി.

2. പരാതി സംഗതിയിൽ പൂവച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 31/10/2023 തീയതിയിലെ റിപ്പോർട്ട് നൽകി. പരാതി ലഭിച്ചതിനെ തുടർന്ന് 18/5/2023 ലും, 23/5/2023 ലും പഞ്ചായത്ത് പ്രസിഡണ്ടിന്റെ അധ്യക്ഷതയിൽ പരാതിക്കാരുടെയും പന്നിഫാം ഉടമകളുടെയും യോഗം വിളിച്ചു കൂട്ടുകയും ഫാം പ്രവർത്തിപ്പിക്കു ന്നതിനുള്ള മാനദണ്ഡങ്ങളും പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഫാം ഉടമകൾക്ക് നൽകുകയുണ്ടായെന്നും തുടർന്നും പരാതി നിലനിൽക്കുന്നതിനാൽ ഈ പ്രദേശത്തെ പന്നിഫാമുകൾ അടച്ചു പൂട്ടുന്നതിന് 9/6/2023 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനിക്കുകയും അതിനു മുന്നോടിയായി 19/6/2023, 21/6/2023 എന്ന തീയതികളിൽ പന്നിഫാമുകളിൽ പരിശോധന നടത്തി നോട്ടീസ് നൽകിയെന്നും ഫാം ഉടമകളുടെ മറുപടി തൃപ്തികരമല്ലാത്തതിനാൽ 24/7/2023 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പഞ്ചായത്ത് പ്രദേശത്ത് അനധികൃത പന്നിഫാമുകൾ അടച്ചുപൂട്ടി ഉത്തരവായെന്നും എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ 19/7/2023 ന് പഞ്ചായത്തിന്റെ മേൽ തീരുമാനം സ്റ്റേ ചെയ്ത് ഉത്തരവായെന്നും അതിന്മേൽ ഗ്രാമപഞ്ചായത്ത് എതിർസത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ 18 പന്നിഫാമുകൾ സന്ദർശിച്ച Sub Divisional Magistrate പ്രസ്തുത ഫാമുകൾ 10 ദിവസത്തിനകം അടച്ചുപൂട്ടി താക്കോൽ പഞ്ചായത്ത് സെക്രട്ടറിയെ ഏൽപ്പിക്കുന്നതിനും അതിന്റെ റിപ്പോർട്ട് സമർപ്പിക്കുന്നതിനും 23/8/2023 ന് ഉത്തരവായിട്ടുണ്ടെന്നും പന്നികളെ പൂർണമായി മാറ്റി ഫാം അടച്ച

പൂട്ടിയിട്ടില്ലാത്തതിനാൽ ആ വിവരം RDO യെ അറിയിച്ചിട്ടുണ്ടെന്നും സജികുമാർ എന്നയാളുടെ അനധികൃത പന്നിഫാം അടച്ചുപൂട്ടുന്നതിന് ഡേവിഡ്സൺ, അരുൺകുമാർ എന്നിവർ ബഹു.ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയുടെ അടിസ്ഥാനത്തിൽ ടി പന്നിഫാം പൂട്ടുന്നതിന് ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ടെന്നും ടി ഫാം അടച്ചു പൂട്ടുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചുവരുന്നെന്നും അനധികൃത പന്നിഫാമുകൾക്കെതിരെ പരാതിപ്പെട്ട ഹർജിക്കാരിയുടെയും കുടുംബത്തിന്റെയും സുരക്ഷയ്ക്ക് പോലീസ് വകുപ്പിൽ കൂടി പരാതി നൽകുന്ന കാര്യം പരിഗണനയിലാണെന്നും പഞ്ചായത്ത് സെക്രട്ടറിയുടെ റിപ്പോർട്ടിൽ തുടർന്നു പറഞ്ഞിരിക്കുന്നു.

3. പരാതി പരിഗണനയ്ക്ക് എടുത്ത സമയം ഹർജിക്കാരി കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരായി. പന്നിഫാമുകൾ അടച്ച് പൂട്ടണമെന്ന പഞ്ചായത്തിന്റെ തീരുമാനത്തിനെതിരെ ഫാം ഉടമകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ ഫയൽ ചെയ്ത് ആദ്യം സ്റ്റേ വാങ്ങിയിരുന്നെങ്കിലും പിന്നീട് Appeal No.395/2023 ൽ 13/9/2024 ൽ അന്തിമ ഉത്തരവ് പാസാക്കി അപ്പീൽ തള്ളിയെന്നും ഹർജിക്കാരി ഉൾപ്പെടുന്ന സമരസമിതിയിൽ പെട്ട അരുൺകുമാർ, ഡേവിഡ്സൺ എന്നിവർ സജികുമാർ എന്ന ആൾ നടത്തുന്ന പന്നിഫാമിനെതിരെ ബഹു. ഹൈക്കോടതിയിൽ WPC No. 18186/2023 ഹർജിയിൽ, ടി ഫാം ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നതെന്ന് കണ്ടാൽ അത് അടച്ചു പൂട്ടാൻ നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടറോടും പൂവച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും 21/8/2023 തീയതിയിൽ ബഹു. ഹൈക്കോടതി നിർദ്ദേശം കൊടുത്തു തീർപ്പാക്കിയെന്നും എന്നാൽ ഹൈക്കോടതി ഉത്തരവ് നടപ്പാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അലംഭാവം കാണിക്കുന്നുവെന്നും ഹർജിക്കാരി ബോധിപ്പിച്ചു.

4. ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പാലിക്കാൻ പഞ്ചായത്ത് സെക്രട്ടറിക്ക് നിയമപരമായ ബാധ്യതയുണ്ട്. നാളിതുവരെ ടി ഫാം അടച്ചു പൂട്ടിയിട്ടില്ലെങ്കിൽ WPC 18186/2023 ഹർജിയിലെ ബഹു. ഹൈക്കോടതിയുടെ 21..8..2023 തിയതിയിലെ ഉത്തരവ് പാലിച്ചുകൊണ്ട് പ്രസ്തുത ഫാം ഒരു മാസത്തിനുള്ളിൽ അടച്ചു പൂട്ടുന്നതിനുള്ള നടപടികൾ പൂവച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കണം. ബഹു. ഹൈക്കോടതിയുടെ ഉത്തരവ് നടപ്പാക്കാൻ പൂവച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തയ്യാറാകുന്നില്ലെന്ന് ആരോപണം ഉള്ളതിനാൽ പ്രസ്തുത പന്നി ഫാം അടച്ചു പൂട്ടിയിട്ടുണ്ടെന്ന് തിരുവനന്തപുരം എൽ എസ് ജി ഡി ജോയിന്റ് ഡയറക്ടറും ഉറപ്പാക്കണം. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളുടെ കമ്മീഷൻ ഈ പരാതി തീർപ്പാക്കുന്നു ഹർജിക്കാരിക്കും. പൂവച്ചൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും, തിരുവനന്തപുരം LSGD Joint Director ക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ